## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1508 — 16.03.2015 ലെ മറുപടിക്ക്

### സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികൾ

ചോദ്യം

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ
ശ്രീ. എം. ഉമ്മർ
ശ്രീ. സി. മമ്മൂട്ടി
ശ്രീ. റ്റി.എ. അഹമ്മദ് കബീർ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവുംആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | വിദേശ ജോലിക്ക് റിക്രൂട്ടിംഗ് നടത്തുന്ന സ്വകാര്യ ഏജൻസികൾ, തൊഴിലന്വേഷകരെ ചൂഷണം ചെയ്ത് തട്ടിപ്പു നടത്തുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | സർക്കാർ മുന്നറിയിപ്പുകൾ അവഗണിച്ച് തൊഴിലന്വേഷകർ തട്ടിപ്പു സ്ഥാപനങ്ങളെ ആശ്രയിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഒഡേപെക് പോലുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് ഫലപ്രദമായി ഇടപെടാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കുമോ; | (സി) | ധാരാളം അംഗീകൃത സ്വകാര്യ ഏജൻസികൾ വിദേശ തൊഴിൽ റിക്രൂട്ട്മെന്റ് മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. വിദേശ തൊഴിൽ ദാതാവിന് ലൈസൻസുള്ള ഏത് അംഗീകൃത ഏജൻസി വഴിയും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ട്. ഈ സാഹചര്യം മുതലെടുത്താണ് സ്വകാര്യ ഏജൻസികൾ അമിതമായ സർവ്വീസ് ചാർജ് ഈടാക്കി തൊഴിലന്വേഷകരെ ചൂഷണം ചെയ്യുന്നത്. സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികൾക്ക് ലൈസൻസ് നൽകുന്നതിൽ കർശനമായ നിയന്ത്രണങ്ങൾ നടപ്പിലാക്കുകയും വിദേശ റിക്രൂട്ട്മെന്റ് രംഗത്ത് അവയുടെ പ്രവർത്തനങ്ങൾ കൃത്യമായി വിലയിരുത്തുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ഒഡേപെക് |

| | | | |
|---|---|---|---|
| | | | പോലുള്ള സർക്കാർ ഏജൻസികൾക്ക് ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഈ വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്നതാണ്. |
| (ഡി) | തൊഴിലന്വേഷകർ ചതിയിൽപ്പെടാതിരിക്കാൻ ഏതെങ്കിലും പുതിയ നടപടികൾ പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | വിദേശ തൊഴിലന്വേഷകർ വ്യാജ റിക്രൂട്ടിംഗ് ഏജൻസികളുടെ ചതിയിൽപ്പെടാതിരിക്കാനായി നോർക്ക വകുപ്പ് "നിയമ വിരുദ്ധ റിക്രൂട്ട്മെന്റിനെതിരായ ബോധവൽക്കരണ പരിപാടിയും വിസാ പരിശോധനയും" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം 60 ലക്ഷം രൂപ ഈ പദ്ധതിയുടെ നടത്തിപ്പിനായി വകയിരുത്തിയിട്ടുണ്ട്. പരമാവധി വിദേശ രാജ്യങ്ങളിലേക്കുള്ള റിക്രൂട്ട്മെന്റ് സർക്കാർ ഏജൻസികളായ 'ജോബ്സ് നോർക്ക', ഓവർസീസ് ഡെവലപ്മെന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടൻസ് ലിമിറ്റഡ് (ഒ.ഡി.ഇ.പി.സി ) എന്നിവ മുഖേന നടത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം 2015 ജനുവരി 9-ന് ഗാന്ധിനഗറിൽ പ്രവാസി ഭാരതീയ ദിവസിനോടനുബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചു ചേർത്ത ജി.സി. സി. രാജ്യങ്ങളിലെ അംബാസിഡർമാരുടെ യോഗത്തിലും ചർച്ച ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ